**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 270** **16-09-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തി വന്നശേഷം വകുപ്പ് മുഖേന ദേവികുള മണ്ഡലത്തിൽ അനുവദിച്ചതു നടപ്പിലാക്കിയതുമായ പ്രവൃത്തികളു വിശദാംശം ചുവടെ ചേർക്കുന്നു,<br><br>**ഇടമലക്കുടി**<br><br>ഇടമലക്കുടി കുടുംബാരോഗ്യ കേന്ദ്ര ഉദ്ഘാടനം ചെയ്ത് പ്രവർത്തന ആരംഭിക്കുകയും, 2025ൽ ടി കുടുംബാരോഗ കേന്ദ്രത്തിൽ ലാബിന്റെ പ്രവർത്തന തുടങ്ങുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ട കുടുംബാരോഗ്യ കേന്ദ്രത്തിന ഗ്രാമപഞ്ചായത്തിന്റെ വക ആബുലൻസ ലഭ്യമാകുകയും, സോളാർപാനത സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മേത കുടുംബാരോഗ്യ കേന്ദ്രത്തിന് സ്റ്റാഫ കോട്ടേഴ്സിന് കെട്ടിടം നിർമ്മിക്കുന്നതിനായ 2024-25 സാമ്പത്തിക വർഷത്തിൽ 17 ലക്ഷം രൂപ അനുവദിക്കുകയും, പ്രസ്തുത പ്രവൃത്തിയ്ക്കായി ഭരണാനുമതി ലഭ്യമാക്കുകയു ചെയ്തിട്ടുണ്ട്.<br><br>**ചട്ടമൂന്നാർ**<br><br>ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്ര ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ടി പ്രാഥമികാരോഗ്യ കേന്ദ്രത്തോട് ചേർന്നുള്ള കെട്ടിടത്തിൽ ലാബ് സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആദ |

ഗഡുവായി 35.75 ലക്ഷം രൂപ എൻ.എച്ച്.എം അനുവദിച്ച് നൽകിയിട്ടുണ്ട്.

**ചിന്നക്കനാൽ**

ആർദ്രം മിഷന്റെ ഭാഗമായി ചിന്നക്കനാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

**കല്ലാർ വട്ടിയാർ**

ദേവികുളം മണ്ഡലത്തിലെ കുടുംബാരോഗ കേന്ദ്രങ്ങളായ കല്ലാർ വട്ടിയാർ (2021-22) കാന്തല്ലൂർ (2022-23) എന്നിവയ്ക്ക് NHM മുഖേന പുതിയ ഒ.പി കെട്ടിട നിർമ്മാണത്തിനായി 143 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി കുടുംബാരോഗ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**ദേവികുളം**

താലൂക്ക് ആശുപത്രിയുടെ മതിൽ, പൊതു ശൗചാലയം, ഒ.പി. ടിക്കറ്റ് കൗണ്ടർ വെയ്റ്റിംങ് ഏരിയ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചു. മൂന്നാർ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിച്ച് സ്ഥല നിർണയം, സ്കെച്ച് തയ്യാറാക്കൽ തുടങ്ങിയ നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

**ചിത്തിരപുരം**

ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിനെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 40 ലക്ഷം രൂപ അനുവദിച്ച് ആയതിന്റെ ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 115 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കി വരുന്നു.

**മറയൂർ**

പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ടി സാമൂഹികാരോഗ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 115 ലക്ഷം രൂപ ആദ്യ ഗഡുവായി

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക ആരംഭിക്കുന്നതിനാവശ്യമായ രൂപരേ തയ്യാറാക്കി വരുന്നു.<br><br>കൂടാതെ കെട്ടിടമില്ലാത്ത സൂര്യനെല്ലി അരുവിക്കാട്, ദേവികുളം ചെയിൻ സെന്റ എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക കെട്ടിടം നിർമ്മിക്കുന്നതിനായി 27.75 ലക്ഷ രൂപ വീതം ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ് ആയതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതാണ് ആരോഗ്യ ഉപകേന്ദ്രങ്ങളായ പതിനാലാ മൈൽ, കാന്തല്ലൂർ എന്നീ സ്ഥാപനങ്ങൾക്ക് 7 ലക്ഷം രൂപ വീതം അനുവദിച്ച് അവയെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.<br><br>**അടിമാലി താലൂക്ക് ആശുപത്രി**<br><br>13.39 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോട്കൂടിയുള്ള പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ച് ആയത് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ